(ബി) യഥാസമയം പ്ലാൻഫണ്ട് അനുവദിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്ലാൻ ഫണ്ട് ചെലവ് മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധിപ്പിച്ചിട്ടുണ്ട്.

ആസൂത്രണ ബോർഡിന്റെ കണക്കുകൾ പ്രകാരം ഈ സർക്കാർ അധികാരമേറ്റതിനുശേഷമുള്ള പ്ലാൻ ഫണ്ട് ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

വർഷം	ചെലവഴിച്ച തുക (കോടി)
2011-2012	11759
2012-2013	12232
2013-2014	13775
2014-2015	14251

(ബി) യഥാസമയം പ്ലാൻഫണ്ട് അനുവദിക്കാതിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പാലിയേറ്റീവ് കെയർ സംവിധാനം

267 (1640) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

പാലിയേറ്റീവ് കെയർ സംവിധാനം കാര്യക്ഷമമായ രീതിയിൽ നടത്തുന്ന പഞ്ചായത്തുകൾക്ക് പ്രത്യേക ധനസഹായം പ്രഖ്യാപിച്ചിട്ടുണ്ടോ ; കാസർഗോഡ് ജില്ലയിൽ പാലിയേറ്റീവ് കെയർ സംവിധാനം കാര്യക്ഷമമായി നടത്തിവരുന്നതു ഏതെല്ലാം പഞ്ചായത്തുകളാണെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഇല്ല. കാസർഗോഡ് ജില്ലാ പഞ്ചായത്തിലെ പാലിയേറ്റീവ് കെയർ സംവിധാനം കാര്യക്ഷമമായി നടത്തി വരുന്ന 38 ഗ്രാമപഞ്ചായത്തുകളുടെ പേരുവിവരം ചുവടെ ചേർക്കുന്നു :

1	മംഗൽപ്പാടി
2	വോർക്കാടി
3	പുത്തിഗെ
4	മീഞ്ച
5	മഞ്ചേശ്വരം
6	പൈവളിഗെ
7	എൻമകജെ
8	ബെള്ളൂർ
9	കുംപഡാജെ
10	കാറഡുക്ക
11	കുറ്റിക്കോൽ
12	മുളിയാർ
13	ദേലംപാടി
14	ബേഡഡുക്ക
15	ബളാൽ
16	കള്ളാർ
17	കോടോം - ബേളൂർ
18	പനത്തടി
19	ഈസ്റ്റ് എളേരി
20	വെസ്റ്റ് എളേരി
21	കീനാനൂർ കരിന്തളം
22	കമ്പള
23	ബദിയടുക്ക

LIBRARY ARCHIVES Kerala Legislative Assembly

24	ചെങ്കള
25	ചെമ്മനാട്
26	മധൂർ
27	മൊഗ്രാൽ പുത്തൂർ
28	ഉദുമ
29	അജാനൂർ
30	മടിക്കൈ
31	പള്ളിക്കര
32	പുല്ലൂർ പെരിയ
33	ചെറുവത്തൂർ
34	കയ്യൂർ - ചീമേനി
35	പീലിക്കോട്
36	തൃക്കരിപ്പൂർ
37	പടന്ന
38	വലിയപറമ്പ

പാലിയേറ്റീവ് നഴ്സുമാരുടെ വേതനം

268 (1641) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

പഞ്ചായത്ത് വകുപ്പിനു കീഴിലുള്ള പാലിയേറ്റീവ് നഴ്സുമാരുടെ വേതനം വർദ്ധിപ്പിച്ച് ഉത്തരവായിട്ടുണ്ടോ ; വിശദമാക്കാമോ?

ഉത്തരം

ഉണ്ട്. 21-2-2015-ലെ സ.ഉ.(ആർ‌ടി.) നമ്പർ 526/15/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം പഞ്ചായത്ത് വകുപ്പിനു കീഴിലുള്ള പാലിയേറ്റീവ് കെയർ നഴ്സുമാരുടെ ഓണറേറിയം നിലവിലുണ്ടായിരുന്ന 6,000 രൂപയിൽനിന്നും 1-6-2014 മുതൽ പ്രാബല്യത്തിൽ 10,000 രൂപയായി വർദ്ധിപ്പിച്ച് നൽകാൻ ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly